പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1527 **01-07-2026-ൽ മറുപടിയ്ക്ക്**

ദേവാരണ്യം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ പരിസരം ഹരിതാഭമാക്കാൻ ദേവസ്വം വകുപ്പ് ദേവാരണ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: 2026 ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സംസ്ഥാനവ്യാപകമായി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ 'ദേവാരണ്യം' പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 'ദേവാരണ്യം' പദ്ധതി 2026 ജൂൺ 5 -ന് ആരംഭിച്ച് ഒരു വർഷത്തെ പദ്ധതിയായി രൂപീകരിച്ച് പിന്നീടുള്ള വർഷങ്ങളിൽ തുടർന്നുവരുന്നതാണ്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എല്ലാ ക്ഷേത്രഭൂമികളിലും പൂജാപുഷ്പങ്ങൾക്ക് വേണ്ടിയുള്ള ചെടികൾ, ഫലവൃക്ഷങ്ങൾ, ഘന വൃക്ഷങ്ങൾ, ജന്മ നക്ഷത്ര വൃക്ഷങ്ങൾ ഉൾപ്പെടെയുള്ളവ പരമാവധി നട്ട് പിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ദേവാരണ്യം പദ്ധതിയുടെ ഭാഗമായി ശബരിമലയിൽ പമ്പാ നദീതീരത്തിന്റെ ഹരിത അഭിവൃദ്ധി, ജൈവ വൈവിധ്യ സംരക്ഷണം, പ്രകൃതി പരിപാലനം എന്നിവ ലക്ഷ്യമിട്ട് വനം വകുപ്പിന്റെ സഹകരണത്തോടെ തദ്ദേശീയ ഇനത്തിൽപ്പെട്ട വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ സ്ഥലസൗകര്യമുള്ള 600 ഓളം ക്ഷേത്രങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിലെ സ്ഥാപനങ്ങളിലും കീഴേടം ക്ഷേത്രങ്ങളിലും പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിന് കീഴിൽ തരിശായിക്കിടക്കുന്ന ഭൂമിയിലും പ്രസ്തുത പദ്ധതി നടപ്പാക്കുമോ; വിശദമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) സംസ്ഥാനത്തെ എല്ലാ ദേവസ്വങ്ങൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ